# പതിമൂന്നാം കേരള നിയമസഭ

# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **23-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 2427**

## വ്യവസായ വികസനത്തിനുള്ള കേന്ദ്രസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനായി 2012-2013 വർഷത്തിൽ കേന്ദ്രസർക്കാർ എത്ര കോടി രൂപ അനുവദിച്ചു; | (എ) | 83.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) കേന്ദ്രധനസഹായം ഉപയോഗപ്പെടുത്തി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; ഓരോന്നിനും എത്ര തുക ചിലവഴിച്ചു; | (ബി) | കേന്ദ്ര സഹായമായി ലഭിച്ച തുക ഉപയോഗപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവായ തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കേന്ദ്രധനസഹായത്തിൽ ചിലവഴിക്കാത്ത തുക എത്ര; വിശദാംശം നൽകാമോ | (സി) | 2012-2013 സാമ്പത്തിക വർഷം ക്ലസ്റ്റർ വികസനത്തിനായി അനുവദിച്ച തുകയിൽ 11,84,364 രൂപയും ന്യൂക്ലിയസ് സെല്ലിനായി വകയിരുത്തിയതിൽ 6.91 ലക്ഷം രൂപയും ചെലവഴിച്ചിട്ടില്ല.<br><br>ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയ്ക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 5.16 കോടി രൂപ സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി.യ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ഡി) ഇടത്തരം വൻകിട വ്യവസായങ്ങൾക്കായി കേന്ദ്ര സർക്കാർ എത്ര തുക ധനസഹായം നൽകി; അതുപയോഗപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശം നൽകാമോ; | (ഡി) | കേന്ദ്ര സഹായമായി 2012-2013 വർഷത്തിൽ ആകെ ലഭിച്ച 83.85 കോടി രൂപയിൽ 12.21 കോടി രൂപ ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നു. ഇതിൽ 5.16 കോടി രൂപ കെ.എസ്.ഐ.ഡി.സി. - ക്ക് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഇതുവരെ തുടങ്ങിയിട്ടില്ല. തിരുവനന്തപുരം കൊച്ചുവേളിയിലേയും പാലക്കാട് പുതുശ്ശേരിയിലേയും ബഹുനില വ്യവസായ സമുച്ചയത്തിനായി യഥാക്രമം പത്തുകോടി രൂപയും അഞ്ചു കോടി രൂപയും വകയിരുത്തിയിരുന്നു. ആയതിന്റെ പണി പുരോഗമിച്ചു വരുന്നു. |

| | |
|---|---|
| (ഇ) ഒരു തുകയും ചിലവഴിച്ചില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ? | (ഇ) സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയ്ക്കായി വകയിരുത്തിയ 12.21 കോടി രൂപയിൽ 5.16 കോടി രൂപ കെ.എസ്.ഐ.ഡി.സി. - ക്ക് നൽകിയെങ്കിലും ആയത് ഇതുവരെയും ചെലവാക്കിയിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.യും കേന്ദ്ര പൊതു മേഖലാസ്ഥാപനമായ ഗെയിൽ ഇന്ത്യയുടെ പൂർണ്ണ നയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസ് ലിമിറ്റഡും ചേർന്ന് കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന പേരിൽ ഒരു സംയുക്ത സംരംഭം രൂപീകരിച്ചിട്ടുണ്ട്. പ്രധാന പദ്ധതിയായ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കുന്നതിന് പെട്രോളിയം ആന്റ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത അനുമതിയ്ക്കായി PNGRB അപേക്ഷകൾ ക്ഷണിച്ചിരിക്കുകയാണ്. സംയുക്ത സംരംഭകരായ കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് അപേക്ഷ സമർപ്പിക്കുവാൻ തയ്യാറെടുക്കുകയാണ്. എറണാകുളം ജില്ലയിലൊഴികെ മറ്റു ജില്ലകളിലൂടെ പ്രധാന വാതക പൈപ്പ് ലൈനിന്റെ പ്രവർത്തികളിലുള്ള മന്ദഗതി മൂലം പാലക്കാട് ജില്ലയിലെ വ്യവസായിക ഉപഭോക്താക്കൾക്കും ചെറുകിട വൈദ്യുത ഉൽപാദകശാലയും പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല.<br><br>സംയുക്ത സംരംഭം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൈപുണ്യ വികസന കേന്ദ്രത്തിന് അനുയോജ്യമായ സ്ഥലം തേടിക്കൊണ്ടിരിക്കുകയാണ്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതിയും ഉടനടി ആരംഭിക്കുന്നതാണ്. LNG സ്റ്റേഷനുകൾക്കുള്ള പ്രധാന സ്റ്റേഷനു വേണ്ടി എറണാകുളത്ത് FACT യുടെ എലൂരുള്ള സ്ഥലത്തു നിന്നും ഭൂമി ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള പദ്ധതികൾക്കാണ് പണം ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതികളെല്ലാം ഇപ്പോഴാണ് പുരോഗതി പ്രാപിച്ചു വരുന്നത്. അതിനാലാണ് തുക ചെലവഴിക്കുന്നതിൽ കാലതാമസം വന്നിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കേന്ദ്രസഹായമായി ലഭിച്ച തുക പ്രയോജനപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ

( ₹ in lakhs )

| | | |
|---|---|---|
| 1. | DIC-Multistoried Industrial Estate, Kochiveli, Thiruvananthapuram | 1000 |
| 2. | DIC-Multistoried Industrial Estate, Puthussery, Palakkad | 500 |
| 3. | DIC-Valluvanadu Wood Consortium | 228.9 |
| 4. | DIC-Nucleus Cell | 43.09 |
| 5. | DHT-Marketing Incentive Scheme | 302.22 |
| 6. | DHT-Handloom cluster | 302.37 |
| 7. | DHT-Revival, Reform, Restructuring Package Project | 2039 |
| 8. | KINFRA-State Food Processing Mission | 112.50 |
| 9. | KINFRA-Strengthening of food processing Industries – recurring grant | 5 |
| 10. | KINFRA-Biotechnology Park, Department of Biotechnology | 200 |
| 11. | KINFRA-ASIDE-Augmentation of existing facility – installation of weigh bridge and extension of berth (KPACT) | 80.475 |
| 12. | KINFRA-Wayanad Agro Processing Centre (WSSS) | 626 |
| 13. | KINFRA-Upgradation of export cargo handling at air cargo complexes at Thiruvananthapuram & Calicut Airport (KSIE) | 200 |
| 14. | KINFRA-Rubber Park at Pathanamthitta, Kollam, Kochi | 550 |
| 15. | KINFRA-MIV Logistic Private Limited, Vallarpadam Container Terminal, Kochi | 2.05 |
| 16. | KKVIB-Prime Ministers Employment Generation Programme | 824 |
| 17. | KKVIB-Market Development Assistance (MDA) | 96 |